## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2183 07/07/2015-ൽ മറുപടിക്ക്

### ആദിവാസി സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ :<br>,, കെ.രാധാകൃഷ്ണൻ :<br>,, കെ.കെ.ജയചന്ദ്രൻ :<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിന് സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ, ആരോഗ്യ, സ്വയം തൊഴിൽ മേഖലകളിലായി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആയതിൽ പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) **വിദ്യാഭ്യാസ പദ്ധതികൾ:-** 10-ാംതരം വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനായി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളും 10-ാം ക്ലാസിനുശേഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളും വിതരണം ചെയ്തു വരുന്നുണ്ട്. ഇതു കൂടാതെ 14 വയസുവരെയുള്ള കുട്ടികൾക്ക് ഭരണഘടന ഉറപ്പ് വരുത്തുന്ന സൗജന്യ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനായി ദുർഘട വനപ്രദേശങ്ങളിലോ മതിയായ വാഹന സൗകര്യം ഇല്ലാതെ പ്രയാസമനുഭവിക്കുന്നതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുന്ന "ഗോത്രസാരഥി" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വകുപ്പ് മുഖേന 107 പ്രീമെട്രിക് ഹോസ്റ്റലുകളിലും 19 എം.ആർ.എസ്-കളും 17 തൊഴിൽ പരിശീലന കേന്ദ്രങ്ങളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും വിദ്യാഭ്യാസ ഉന്നമനത്തിനായി നടത്തി വരുന്നു.<br>2) **ആരോഗ്യ പദ്ധതികൾ:-** "സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി" - സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആരോഗ്യ സുരക്ഷാ പദ്ധതി, പട്ടികവർഗ്ഗ അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്ന ജനനി-ജന്മരക്ഷാ പദ്ധതി, അരിവാൾ രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | മരുന്നുകളും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനായി നൽകിവരുന്ന ധനസഹായം തുടങ്ങിയ വിവിധ ആരോഗ്യ പരിപാലന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 138 ഹെൽത്ത് പ്രൊമോട്ടർമാരെയും സർക്കാർ ആശുപത്രിയിൽ ചികിത്സക്കെത്തുന്ന പട്ടിക വർഗ്ഗക്കാരുടെ പരിചരണത്തിനായി നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 4 മിഡ്വൈഫറി സെന്ററുകൾ, 5 ഒ.പി. ക്ലിനിക്കുകൾ. 1 ആയുർവേദ ആശുപത്രി, 16 ആയുർവേദ ഡിസ്പെൻസറികൾ; 3 അലോപ്പതി ആശുപത്രികൾ, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പരിപാലന ത്തിനായി പ്രവർത്തിക്കുന്നുണ്ട്.<br>3) പട്ടികവർഗ്ഗ സ്ത്രീകളെ സ്വയം തൊഴിലിലൂടെ ശാക്തീകരിച്ച് സമൂഹത്തിന്റെ മുഖ്യധാരയി ലെത്തിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും 500 പട്ടികവർഗ്ഗ യുവതികളെ തെരഞ്ഞെടുത്ത് അവർക്ക് ഡ്രൈവിംഗ് പരിശീലനം നൽകി സൗജന്യമായി ഓട്ടോറിക്ഷകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>4) ഇതു കൂടാതെ വകുപ്പ് നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതി, മറ്റ് അടിസ്ഥാന പശ്ചാത്തല വികസന പദ്ധതികളായ റോഡ്, കുടിവെള്ളം, വൈദ്യുതി, കൃഷി, മൃഗസംരക്ഷണം, വാർത്താവിനിമയം മുതലായ പദ്ധതികളിലൂടെ പട്ടികവർഗ്ഗ സമൂഹത്തെ മുഖ്യധാരയിലെ ത്തിക്കുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തു പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കു ന്നതെന്നു വ്യക്തമാക്കാമോ ; | (ബി) | 1989-ലെ പട്ടികജാതി/പട്ടികവർഗ അതിക്രമം തട യൽ നിയമം ആദിവാസികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുവാൻ പര്യാപ്ത മാണ്. ഇതു കൂടാതെ പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബ ന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടുകൂടി നടപടികൾ സ്വീകരി ക്കാറുണ്ട്. സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെ പ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നിലവിലുണ്ട്. പട്ടിക ജാതി/പട്ടിക ഗോത്രവർഗ കമ്മീഷനും പ്രത്യേക അദാലത്തുകൾ നടത്തി ഇക്കാര്യത്തിൽ ബോധവൽക്ക രണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി എടുത്ത് വരുന്നു. ജില്ലകളിൽ പട്ടികജാതി/പട്ടിക വർഗ വിഭാഗക്കാർക്കുവേണ്ടി സെമിനാറുകൾ/ബോധ വൽക്കരണ ക്ലാസുകൾ എന്നിവ ജില്ലാതല |

| | | | |
|---|---|---|---|
| | | | മോണിറ്ററിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ്തലത്തിൽ ഐ.ടി.ഡി. പ്രോജക്ടാഫീസർ/പട്ടികവർഗ വികസന ആഫീസർമാർ മുഖേന സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗക്കാർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. 1989-ലെ പട്ടികജാതി/പട്ടികവർഗ അതിക്രമം തടയൽ നിയമം ശക്തമായി നടപ്പാക്കുന്നതിലൂടെ പട്ടികവർഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് കഴിയുന്നുണ്ട്. ടി നിയമം നടപ്പാക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ പദ്ധതി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ 19.6.14 -ലെ സ.ഉ.(സാധാ) നം.970/14/പജപവവിവ പ്രകാരം പട്ടികവർഗ കോളനികളിൽ പുറത്തുനിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്കുമരുന്ന് മുതലായ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്ന പ്രവർത്തി തടയുന്നതിനായി ടി കോളനികളിലെ മദ്യപാനികളെ കണ്ടെത്തി അവർക്ക് ഇവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് സമിതിയും, ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതല സമിതിയും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | ആദിവാസികളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ഉണ്ട്. ആദിവാസികളെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത് എല്ലാ വർഷവും യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നു.<br>ജില്ലാ തലങ്ങളിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി രൂപീകരിച്ച വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി മൂന്ന് മാസത്തിൽ ഒരു തവണ യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |

R.N (signature)

സെക്ഷൻ ഓഫീസർ